ഉത്തരം

(എ ആന്റ് ബി) എസ്.എസ്.എൽ.സി. പരീക്ഷാ ചോദ്യ പേപ്പറുകൾ 5, 10, 20, 40, 50, 60, 80, 100, 200 എന്നീ എണ്ണമുള്ള പാക്കറ്റുകളായി സീൽ ചെയ്ത കവറുകളിലാണ് പരീക്ഷാഭവനിൽ എത്തുന്നത്. പരീക്ഷാ കേന്ദ്രങ്ങളിലെ ആവശ്യകത അനുസരിച്ച് തൊട്ടടുത്ത നമ്പരിൽ റൗണ്ട് ചെയ്താണ് ചോദ്യപേപ്പറുകൾ നൽകുന്നത്. ഉദാഹരണമായി ഒരു സെന്ററിൽ 86 ചോദ്യപേപ്പറുകൾ ആവശ്യമുണ്ടെങ്കിൽ 50, 20, 20-ന്റെ പാക്കറ്റുകളായി മൊത്തം 90 ചോദ്യപേപ്പറുകൾ നൽകുന്നു.

(സി) കൂടുതലായുള്ള ചോദ്യപേപ്പറുകൾ പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് എന്നിവർ സംയുക്തമായി പരിശോധിച്ച് സേഫ്/അലമാരയിൽ പ്രത്യേകം സീൽ ചെയ്ത് സൂക്ഷിക്കുന്നു.

(ഡി) ഇല്ല.

(ഇ) ബാക്കി വരുന്ന ചോദ്യപേപ്പറുകൾ ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് എന്നിവർ സംയുക്തമായി സീൽ ചെയ്ത് അലമാര/സേഫിലാണ് സൂക്ഷിക്കുന്നത്. കൂടാതെ ഇത് പരിശോധിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെയും സർക്കാരിന്റെയും പ്രത്യേക സ്ക്വാഡുകൾ പരീക്ഷാകേന്ദ്രങ്ങൾ സന്ദർശിക്കാറുണ്ട്.

എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളുടെ ഉത്തരക്കടലാസിന്റെ സെൻട്രലൈസ്ഡ് വാല്യൂവേഷൻ

328 [2386] ശ്രീ. ജോർജ് ജെ. മാത്യു:
„ ടി. എൻ. പ്രതാപൻ:
„ പ്രതാപവർമ്മ തമ്പാൻ, ജി.:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളുടെ ഉത്തരകടലാസിന്റെ കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് എത്ര അദ്ധ്യാപകരെയാണ് ക്ഷണിച്ചത്; അതിൽ എത്ര പേർ ഹാജരായി എന്ന് വെളിപ്പെടുത്തുമോ;

(ബി) മറ്റുള്ളവർ വരാതിരിക്കാനുള്ള കാരണം അറിയിക്കാമോ;

(സി) വരാതിരുന്നവരുടെ മേൽ എന്തു നടപടിയാണെടുത്തത് എന്ന് വ്യക്തമാക്കാമോ;

(ഡി) കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് അദ്ധ്യാപകരെ നിയോഗിക്കുമ്പോൾ രോഗികൾ, ഗർഭിണികൾ, പ്രസവശുശ്രൂഷയിൽ കഴിയുന്നവർ എന്നിവരെ ഒഴിവാക്കാറുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(ഇ) കേന്ദ്രീകൃത മൂല്യനിർണ്ണയ കാലം ഡ്യൂട്ടിക്കാലമായി പരിഗണിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ—സി) ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷയുടെ ഉത്തര കടലാസിന്റെ കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് 15,686 അദ്ധ്യാപകരെയും ഹയർ സെക്കന്ററിയിൽനിന്നും 11,500 പേരെയും ക്ഷണിച്ചിരുന്നു. ഇതിൽ എസ്.എസ്.എൽ.സി. മൂല്യനിർണ്ണയത്തിന് മുഴുവൻ അദ്ധ്യാപകരും ഹയർ സെക്കന്ററിയ്ക്ക് 11,150 പേരും ഹാജരായിരുന്നു. മൂല്യനിർണ്ണയത്തിന് ഹാജരാകാതിരുന്നവരിൽ മതിയായ കാരണം ബോധിപ്പിക്കുന്നവരുടെ പേരിൽ നടപടി എടുക്കാറില്ല. അനധികൃതമായി വരാത്തവരുടെ പേരിൽ നടപടി എടുക്കാറുണ്ട്.

(ഡി) ഉണ്ട്.

(ഇ) പരിഗണിക്കാറുണ്ട്.

എസ്.എസ്.എൽ.സി. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിലെ കാലതാമസം

329 [2387] ശ്രീ. ഷിബു ബേബിജോൺ:

„ ജോണി നെല്ലൂർ:

„ ഉമേഷ് ചള്ളിയിൽ:

„ എ. എൻ. രാജൻ ബാബു:

„ കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിച്ച് കാത്തിരിക്കുന്നവർ എത്രയെന്ന് വിശദമാക്കാമോ;

(ബി) ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിന് സാധാരണഗതിയിൽ എന്ത് കാലതാമസം വരുമെന്ന് വ്യക്തമാക്കാമോ;

(സി) പരീക്ഷാഭവനിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതുകൊണ്ടാണ് ഇങ്ങനെ കാലതാമസമുണ്ടാകുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) അപേക്ഷ സമർപ്പിച്ച് ഒരു മാസത്തിനകം പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly